പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2802 **28-10-2026-ൽ മറുപടിയ്ക്ക്**

ഫിഷറീസ് ഹാർബറുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) തീരമേഖലയിൽ കൂടുതൽ ഫിഷറീസ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: തീരമേഖലയിൽ കൂടുതൽ ഫിഷറീസ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതികളൊന്നും നിലവിൽ ഇല്ല. എന്നാൽ നിലവിലുള്ള ഫിഷിംഗ് ഹാർബറുകൾ അവശ്യാനുസരണം ആധുനികവത്ക്കരിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖകൾ തയ്യാറാക്കി PMMSY, NABARD RIDF, FIDF തുടങ്ങിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം ടി പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിലുള്ള ഹാർബറുകൾ ആധുനികവത്ക്കരിക്കാൻ സമർപ്പിച്ച പ്രൊപ്പോസലുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ഹാർബറുകളുടെ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

(ബി) നിലവിലുള്ള ഹാർബറുകൾ ആധുനികവത്കരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: തീരമേഖലയിൽ കൂടുതൽ ഫിഷറീസ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതികളൊന്നും നിലവിൽ ഇല്ല. എന്നാൽ നിലവിലുള്ള ഫിഷിംഗ് ഹാർബറുകൾ അവശ്യാനുസരണം ആധുനികവത്ക്കരിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖകൾ തയ്യാറാക്കി PMMSY, NABARD RIDF, FIDF തുടങ്ങിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം ടി പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിലുള്ള ഹാർബറുകൾ ആധുനികവത്ക്കരിക്കാൻ സമർപ്പിച്ച പ്രൊപ്പോസലുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ഹാർബറുകളുടെ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

നബാർഡ്, FIDF പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിലുള്ള ഹാർബറുകൾ ആധുനികവത്ക്കരിക്കാൻ സമർപ്പിച്ച പ്രൊപ്പോസലുകളുടെ ലിസ്റ്റ്

NABARD RIDF XXXII		
ക്രമ നമ്പർ	പദ്ധതിയുടെ പേര്	തുക (കോടി രൂപയിൽ)
a.	കോഴിക്കോട് ജില്ലയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബറിന്റെ ആധുനീവത്കരണം	33.43
b.	മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ നവീകരണവും ബന്ധിപ്പിക്കാനുള്ള സൗകര്യങ്ങളും	39.00
	ആകെ	**72.43**
FIDF		
c.	മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ അധിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം	39.10
d.	മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ അധിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം	9.93
e.	കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നവീകരണം – എക്സ്റ്റൻഷൻ ഓഫ് ലാന്റിംഗ് ഫെസിലിറ്റീസ്	19.68
f.	കോഴിക്കോട് ജില്ലയിലെ വെള്ളയിൽ ഫിഷിംഗ് ഹാർബറിൽ നോർത്ത് ബേർക്ക് വാട്ടറിന്റെയും സൗത്ത് ബേർക്ക് വാട്ടറിന്റെയും പുന:സ്ഥാപനം	19.00
g.	കോഴിക്കോട് ജില്ലയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബറിന്റെ ആധുനീവത്കരണം	36.00
h.	മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ നവീകരണവും ബന്ധിപ്പിക്കാനുള്ള സൗകര്യങ്ങളും	39.00
i.	കൊല്ലം ജില്ലയിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണം	144.00
j.	ആലപ്പുഴ ജില്ലയിലെ ചെത്തി ഫിഷിംഗ് ഹാർബറിലെ രണ്ടാംഘട്ട വികസനം	36.00
k.	കാസർഗോഡ് ജില്ലയിലെ അജാനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം – ഫേസ് - 1	150.00
l.	തലായ് ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ്	9.60
m.	കൊയിലാണ്ടി ഫിഷിംഗ് ഹാർബറിലെ മാസ്റ്റർ ഡ്രെഡ്ജിംഗ്	35.00
	ആകെ	**537.31**